LIBRARY ARCHIVES Kerala Legislative Assembly

പുനലൂർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

56 (3023) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുനലൂർ നിയോജക മണ്ഡത്തിൽ പി.എം.ജി. എസ്.വൈ. പദ്ധതിപ്രകാരം ഏതൊക്കെ റോഡുകളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക, പ്രവർത്തനങ്ങളുടെ നാളിതു വരെയുള്ള പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 4 പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്. പൂർത്തീകരിച്ച പദ്ധതികൾ ഒന്നുംതന്നെയില്ല. റോഡുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു :

ബ്ലോക്ക്	പ്രവൃത്തിയുടെ പേര്
അഞ്ചൽ	പെരുങ്ങല്ലൂർ-ഒഴുക്കുപാറക്കൽ റോഡ്
അഞ്ചൽ	കരവല്ലൂർ മത്ര
അഞ്ചൽ	കുരുവിക്കോണം വടമൺ
അഞ്ചൽ	അടുക്കള മൂല വേളാംകോണം

(ബി) അനുബന്ധമായി ചേർക്കുന്നു.*

ബ്ലോക്ക് പഞ്ചായത്ത്/ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകളിൽ ക്ലറിക്കൽ തസ്തിക

57 (3024) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കൗണ്ടന്റ് തസ്തിക അനുവദിക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്ത്/ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര ക്ലറിക്കൽ തസ്തികകളാണ് ഉണ്ടായിരുന്നത് ; അവ ഏതെല്ലാം ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) സീനിയർ ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടാണോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചത് ; ഇതുമൂലം എൽ.ഡി.സി., യു.ഡി.സി. തസ്തികകളിൽ കുറവു വന്നിട്ടുണ്ടോ ;

(സി) ബ്ലോക്ക് പഞ്ചായത്ത്/ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകളിൽ ഏതെല്ലാം ജോലികളാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) ക്ലറിക്കൽ തസ്തികയിൽ വന്ന കുറവുമൂലം മറ്റ് ജീവനക്കാർക്ക് ജോലി ഭാരം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സീനിയർ ക്ലർക്ക് തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4 ക്ലറിക്കൽ തസ്തികകൾ; ക്ലർക്കും, സീനിയർ ക്ലർക്കും.

(ബി) സീനിയർ ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടാണ് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചത്; ഇതുമൂലം എൽ.ഡി.സി./യു.ഡി.സി. കേഡറിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു തസ്തിക വീതം കുറവു വന്നിട്ടുണ്ട്.

(സി) ബ്ലോക്കോഫീസിന്റെ ഭരണപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു പുറമെ പദ്ധതി പ്രവർത്തനങ്ങളും വിവിധ സ്കീമുകളും ബ്ലോക്ക് പഞ്ചായത്ത്/ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ചെയ്തുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.എ.വൈ., ഐ.ഡബ്ല്യു.എം.പി., എം.ജി.എൻ.ആർ.ഇ.ജി.എസ്., എം.കെ.എസ്.പി., പി.എം.ജി.എസ്.വൈ, സാനിട്ടേഷൻ, സാഗി, എം.പി. ഫണ്ട്, ബി.ആർ.ജി.എസ്. എന്നിവയും സംസ്ഥാനാവിഷ്കൃത പദ്ധതികളായ വെള്ളപ്പൊക്ക/വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ. ഫണ്ട്, നാഷണൽ സേവിംഗ്സ് സ്കീം തുടങ്ങിയവയുടെ നിർവ്വഹണവും ബ്ലോക്ക് തലത്തിലാണ്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ (സി & എ.ജി) ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (എജി) ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്, വകുപ്പുതല ഇന്റേണൽ ആഡിറ്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർവ്വഹിക്കണം. ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും ഭരണപരമായ കർത്തവ്യങ്ങളുടെ സംശയ നിവാരണം, ഗ്രാമ/ബ്ലോക്ക്/ജില്ല പദ്ധതികളുടെ കോ-ഓർഡിനേഷൻ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിൽ എം.ജി.എൻ. ആർ.ഇ.ജി.എസ്.-ന്റെ ബ്ലോക്കുതല നിർവ്വഹണവും നിരീക്ഷണവും ബ്ലോക്ക് പഞ്ചായത്തിന്റെ അസിസ്റ്റന്റ് നിട്ടേണിംഗ് ഓഫീസർ, ബ്ലോക്കുതല ഇലക്ഷൻ നിർവ്വഹണത്തിന്റെ ചുമതല

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം നിയമസഭാ തെരഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശപ്രകാരം അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെ ചുമതലയും നിർവ്വഹിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഡിസ്ട്രിക് റൂറൽ റോഡ് പ്ലാൻ-കണ്ണൂർ ജില്ല

58 (3025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ.-2-ന്റെ ഭാഗമായി ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവോ ;

(ബി) ഡി.ആർ.ആർ.പി. തയ്യാറാക്കിയെങ്കിൽ ആദ്യവർഷത്തേക്കുള്ള കണ്ണൂർ ജില്ലയിലെ 41 കി.മീ. റോഡിന്റെ മൻഗണനാക്രമം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. രണ്ടിന്റെ ഭാഗമായുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. രണ്ടിൽ കണ്ണൂർ ജില്ലയിൽ ആദ്യ വർഷം ഏറ്റെടുക്കേണ്ട 41 കി.മീ. റോഡിന്റെ മൻഗണനാക്രമം ജില്ലയിൽ തയ്യാറാക്കി കൊണ്ടിരിക്കുന്നു. നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ ലിസ്റ്റ് പൂർത്തിയായിട്ടില്ല.

കാസർഗോഡ് അസംബ്ലി മണ്ഡലം-പി.എം.ജി.എസ്.വൈ. പദ്ധതി

59 (3026) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കു ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly